DESPATCHED
On. 20/12/21..



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ CP No. 1200(2)/2019/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 20507/SIC-G6/2019 )**

**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. പി.വി. ശങ്കര നാരായണൻ,
ഗീത നിവാസ്,
അരിമ്പൂർ (പി.ഒ),
തൃശ്ശൂർ – 680 620. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർസെക്രട്ടറി,
എൽഎസ്ജിഡി(ആർസി) വകുപ്പ്,
ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 18/07/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 03/11/2020 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 10/12/2019 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 13/12/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/03/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 24/11/2020 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 19/11/2021 ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായി |
| എതിർകക്ഷി | ഹാജരായി |

**ഉത്തരവ്**

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. പി.വി. ശങ്കര നാരായണൻ, 10/12/2019 തീയതി സമർപ്പിച്ച പരാതി ഹർജി 13/12/2019 തീയതിയിൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 1200(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 18/07/2019 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. കേരളത്തിലുള്ള മെഡിക്കൽ കോളേജ് ആശുപത്രികൾ, സർക്കാർ ജില്ലാ ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ, സർക്കാർ-സ്വകാര്യ ഉടമസ്ഥത യിലുള്ള ഷോപ്പിങ്ങ് മാളുകൾ, സിനിമാ തിയ്യറ്ററുകൾ എന്നിവയിലെ സന്ദർശകരുടെയും, ഉപഭോക്താക്കളുടെയും ഇരുചക്ര-നാലുചക്ര വാഹന ങ്ങൾ പാർക്ക് ചെയ്യുന്നതിന് ഫീസ് ഈടാക്കുന്നുണ്ടോ എന്നും ഈടാക്കു ന്നുവെങ്കിൽ, എന്ത് അടിസ്ഥാനപ്പെടുത്തിയാണ് ഫീസ് നിശ്ചയിച്ചിട്ടുള്ള തെന്നും
2. ചോദ്യം 1-ൽ ഉന്നയിച്ച വിഷയവുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള ഫീസ് ഈടാക്കാൻ നിയമപരമായി സാധ്യതയില്ലെങ്കിൽ അത്തരം ഫീസ് പിരിവി നെതിരെ സന്ദർശകർക്കും, ഉപഭോക്താക്കൾക്കും ഏതു തരത്തിലുള്ള നിയമ നടപടികൾ കൈക്കൊള്ളാമെന്നും എവിടെയാണ് പരാതികൾ സമർപ്പിക്കേണ്ടതെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേലുള്ള മറുപടി 03/11/2020-ന് നൽകിയിട്ടുള്ളതുമാണ്.

4. എതിർകക്ഷി 19/12/2019-ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 18/07/2019-ലെ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷ സെക്ഷനിൽ ലഭിച്ചതായി തദ്ദേശ സ്വയം ഭരണ(ആർ.സി) വകുപ്പ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ അറിയിച്ചിരുന്നില്ലെന്നും എന്നാൽ 10/12/2019-ന് അപേക്ഷ കൻ വിവരാവകാശ കമ്മീഷനിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചത് ഉള്ളടക്കം ചെയ്ത് 05/03/2020-ന് കമ്മീഷനിൽ നിന്നും ഇതിന്മേലുള്ള വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടു കൊണ്ട് അയച്ച കത്ത് 12/03/2020-ന് സെക്ഷനിൽ ലഭിക്കുകയുണ്ടായിയെന്നും, അപ്പോൾ മാത്രമാണ് മേൽപറഞ്ഞ അപേക്ഷ സെക്ഷനിൽ ലഭിച്ചിരുന്നു എന്ന വിവരം എസ്. പി.ഐ.ഒ അറിയുന്നതെന്നും, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവ

രിൽ നിന്ന് വിവരം ലഭ്യമാക്കിയാൽ മാത്രമേ അപേക്ഷകൻ ആവശ്യപ്പെട്ട മറുപടി നൽകാൻ സാധിക്കുകയുള്ളൂ എന്നതിനാൽ പ്രസ്തുത ഓഫീസർമാർക്ക് കത്തയയ്ക്കുകയും മറുപടി സമാഹരിച്ച് അപേക്ഷകന് 03/11/2020-ന് മറുപടി നൽകുകയും ചെയ്തിട്ടുണ്ടെന്നും പ്രസ്തുത മറുപടിയുടെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്.

വിവരാവകാശ നിയമപ്രകാരം അപേക്ഷകൻ സമർപ്പിച്ച അപേക്ഷ സെക്ഷനിൽ ലഭിച്ച സമയത്ത് വിഷയം കൈകാര്യം ചെയ്യുന്ന അസിസ്റ്റന്റ് അവധിയിലായിരുന്നുവെന്നും അവധി കഴിഞ്ഞ് വന്ന സമയത്ത് അപേക്ഷ ശ്രദ്ധയിൽപ്പെടാത്തതാണ് മറുപടി നൽകാൻ കാലതാമസം ഉണ്ടായതിന് കാരണമെന്നും അപേക്ഷ ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ എസ്.പി.ഐ.ഒ-യുടെ പക്കൽ ലഭ്യമല്ലാത്ത വിവരമായതിനാൽ നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവരിൽ നിന്ന് റിപ്പോർട്ട് തേടുകയുണ്ടായിയെന്നും പാർക്കിംഗ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തി മറുപടി സമാഹരിച്ച് നൽകുന്നതിന് കോവിഡ് മൂലം സംജാതമായ അസാധാരണ സാഹചര്യത്തിൽ വീണ്ടും കാലതാമസം നേരിട്ടുവെന്നും, ആയതിനാലാണ് വിവരം യഥാസമയം നൽകാൻ കഴിയാത്തതെന്നും ഇപ്രകാരം ഒരു കാലതാമസം വന്നത് മന:പൂർവ്വമല്ലെന്നും അതിനാൽ അപേക്ഷകന് മറുപടി നൽകാനുണ്ടായ കാലതാമസം മാപ്പാക്കിത്തരണമെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിരുന്നതായി കാണുന്നില്ല. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാനു കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 നവംബർ 19–ാം** തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV